സ്ഥലപരിശോധന നടത്തുകയും അവരുടെ നിർദ്ദേശാനുസരണം താന്നി, ലക്ഷ്മീപുരം തോപ്പുംപടി മുതൽ മുക്കം പരവൂർ പൊഴി വരെയുള്ള ഭാഗത്ത് കൊല്ലത്തെ ഹൈഡ്രോളിക് സർവ്വേ വിംഗ് മുഖേന കടലിന്റെ ആഴം, തിരമാലകളുടെ ശക്തി, വേഗത, ദിശ തുടങ്ങിയ നിർമ്മാണ ജോലികൾ നിർണ്ണയിക്കുന്നതിനുള്ള സർവ്വേ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക പരിശോധനയിൽ തീരദേശ പ്രദേശം സുസ്ഥിരമാക്കിക്കൊണ്ട് നിലവിലുള്ള റോഡുകൾ പുതുക്കിപ്പണിതാൽ മാത്രമേ തീരദേശ റോഡിനുണ്ടാകുന്ന കെടുതികൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനുവേണ്ടി 90 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ഫിഷറീസ് റോഡുകളുടെ കൂട്ടത്തിൽ നബാർഡിനു സമർപ്പിക്കുന്ന പദ്ധതിയിൽ ഈ റോഡും ഉൾപ്പെടുത്തിയിട്ടുണ്ട്. നബാർഡിന്റെ അംഗീകാരം കിട്ടിയാൽ ഈ വർഷം തന്നെ അതിന്റെ പണി ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(16) മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് നിർദ്ദിഷ്ട അളവിലും കൂടുതലായതുമൂലം ഉണ്ടായിട്ടുള്ള പ്രശ്നം

ശ്രീ. ഇ. എം. അഗസ്തി: സർ, അമേരിക്ക ബഹിരാകാശത്തേയ്ക്ക് തൊടുത്തുവിട്ട 'ഡിസ്ക്കവറി' എന്ന ബഹിരാകാശ വാഹനത്തിന് ലാന്റിംഗിനു ബുദ്ധിമുട്ടുണ്ടായപ്പോൾ ലോകജനതയ്ക്കുണ്ടായ അമ്പരപ്പുപോലെയാണ് മുല്ലപ്പെരിയാർ ജലസേചന പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി. ഈ സഭയിൽ നിരന്തരമായി നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണത്. ഒരു പത്രവാർത്ത ഞാൻ വായിക്കാം. "മുല്ലപ്പെരിയാർ–തമിഴ്നാട് ധാരണകൾ ലംഘിച്ചു—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ." നമ്മൾ എല്ലാവരും കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യമാണ്. ഇന്നും ജലനിരപ്പ് 136 അടിയിൽ കൂടുതലാണ്. 136 അടിയിൽ കൂടുതൽ ജലനിരപ്പുണ്ടാകില്ലെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. അതുപോലെതന്നെ മുഖ്യമന്ത്രിയും ജലസേചന വകുപ്പുമന്ത്രിയും തമിഴ്നാട് സന്ദർശിച്ച അവസരത്തിലും രണ്ട് സംസ്ഥാനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥർ തമ്മിലുള്ള കരാറിലുമെല്ലാം ഉറപ്പ് നൽകിയിട്ടുണ്ട്. തമിഴ്നാട് മുഖ്യമന്ത്രി തന്നെ ഉറപ്പ് നൽകിയതാണ്. എന്നാൽ സ്പിൽവേയ്ക്കു മുമ്പിൽ കല്ലും മണ്ണും കൂട്ടിയിടുകയും ആ പ്രദേശത്ത് ആവശ്യമായ മെയിന്റനൻസ് നടപടികൾ നടത്താതിരിക്കുകയും ചെയ്തതിന്റെ ഫലമായി വലിയ മരങ്ങൾ വളർന്നുനിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഞങ്ങളുമൊക്കെ അവിടെ പോയി കണ്ടതാണ്. ഇതൊക്കെയാണെങ്കിലും ചർച്ചയല്ലാതെ ഇതിനൊരു പരിഹാരമാർഗ്ഗമില്ല. എന്റെ നിയോജക മണ്ഡലത്തിലുള്ള പ്രശ്നമായതുകൊണ്ടും ഇതിന്റെ അപകടസ്ഥിതിയെപ്പറ്റിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആശങ്ക ജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ളതുകൊണ്ടുമാണ് ഞാൻ ഈ പ്രശ്നം വീണ്ടും വീണ്ടും ഉന്നയിക്കുന്നത്. വളരെ സംയമനപരമായി സംസാരിക്കുകയും വളരെ മൃദുവായ വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പ്രശ്നത്തിന്റെ ഗൗരവം കുറച്ചുകാണരുത്. ഈ ഡാമിന്റെ ഡൗൺ സ്ട്രീമിൽ താമസിക്കുന്ന ആളുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം. കുറെ വർഷങ്ങളായി ഇതു പറഞ്ഞുകൊണ്ടിരിക്കുകയാണ്. 125 വർഷത്തിനപ്പുറം നിർമ്മിച്ച ഡാം എന്നു പറയുമ്പോൾ, ആ ഡാമിന്റെ ഡൗൺസ്ട്രീമിൽ 125 വർഷമായിട്ടുള്ള ആവാസ കേന്ദ്രങ്ങളുണ്ട്. പഴയ പുഴയിലാണ് പലരും താമസിച്ചുകൊണ്ടിരിക്കുന്നത്. പുഴയോരത്തോടുചേർന്ന് നിരവധി വീടുകൾ വന്നിരിക്കുന്നു. പ്രധാന മേഖലകൾ മുഴുവൻ പ്ളാന്റേഷൻ മേഖലയായതുകൊണ്ട് ജനങ്ങൾക്ക് അധിവസിക്കാനുള്ളത് പുഴയോടു ചേർന്ന പ്രദേശങ്ങളാണ്. മുല്ലപ്പെരിയാറിന്റെ സുരക്ഷിതത്വത്തെക്കുറിച്ചു ചർച്ചയുണ്ടാകുമ്പോൾ, അവിടെ ആളുകളുടെ ജീവനെപ്പറ്റിയുള്ള ഭയാശങ്കകളാണ് പ്രധാനമായും ഉയർന്നുവരുന്നത്. ഈ ഗുരുതരമായ പ്രശ്നത്തെ അതിന്റെ ഗൗരവത്തിൽത്തന്നെ ഗവൺമെന്റ് കാണണമെന്നാണ് എന്റെ അഭ്യർത്ഥന. അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. മുല്ലപ്പെരിയാർ ഡാം എല്ലാവരും പോയി കാണുന്നു; സുരക്ഷിതത്വത്തെപ്പറ്റി ചർച്ച ചെയ്യുന്നു, പക്ഷേ ഡൗൺസ്ട്രീമിൽ താമസിക്കുന്ന ആളുകളുടെ ജീവന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അതു വളരെ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തിരമായി കേന്ദ്രഗവൺമെന്റിന്റെ സഹായം നേടാൻ സംസ്ഥാന ഗവൺമെന്റിന് കഴിയണം. ഒരു കാര്യംകൂടി പറയട്ടെ; മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ചർച്ചയും സംവാദവും നടക്കുകയാണ്. തമിഴ്നാട് സുരക്ഷിതമെന്ന് പറയും, നമ്മൾ സുരക്ഷിതമല്ലെന്ന് പറയും. 136 അടിതന്നെ സുരക്ഷിതമല്ലെന്നുള്ളതാണ് യാഥാർത്ഥ്യം. വളരെ വിശദമായ പഠനത്തിനുശേഷം അന്നത്തെ ജലസേചന വകുപ്പുമന്ത്രി ചെയർമാനായിട്ടുള്ള സബ്ജക്ട് കമ്മിറ്റിയും അതുപോലെ പെറ്റീഷൻസ് കമ്മിറ്റിയും ശുപാർശ ചെയ്തതുപോലെ ജലനിരപ്പ് 120 അടിയായി കുറയ്ക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ അടിയന്തിരമായി സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. തമിഴ്നാട് ഗവൺമെന്റ് വാക്ക് പാലിക്കാത്തതാണ് ഗൗരവതരമായ പ്രശ്നം. തമിഴ്നാടുമായുള്ള എഗ്രിമെന്റിനെ സംബന്ധിച്ചാണ് നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. കരാറുകാരൻ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ ആ contingency-യെ നേരിടാനുള്ള വ്യവസ്ഥകൾ ഏത് കരാറിലാണെങ്കിലും ഉണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ഇത് പരിശോധിക്കണം. തമിഴ്നാട് ഗവൺമെന്റ് സ്പിൽവേയുടെ മുൻപിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണും കല്ലും നീക്കം ചെയ്യാൻ അവർ തയ്യാറായില്ലെങ്കിൽ, അവിടെ നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റാൻ തയ്യാറായില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഗവൺമെന്റ് അത് ചെയ്യണം. സംസ്ഥാന ഗവൺമെന്റിന് അതിനുള്ള അധികാരമുണ്ട്. അതിനുള്ള ചെലവ് തമിഴ്നാട്ടിൽനിന്ന് ഈടാക്കാനുള്ള വ്യവസ്ഥകൾ കരാറിലുണ്ട്. അതുകൊണ്ട് തമിഴ്നാട് ഗവൺമെന്റിന്റെ ദയാദാക്ഷിണ്യത്തിനുവേണ്ടി ഒരു ദിവസംപോലും കാത്തുനിൽക്കാതെ സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിലിടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, ഇന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം മുല്ലപ്പെരിയാറിൽ വിസിറ്റ് നടത്തുന്നുണ്ട്. അവിടത്തെ സിറ്റുവേഷൻസ് അവർ നോക്കുന്നുണ്ട്. ഇന്നു രാവിലെ 8.00 മണിക്ക് കിട്ടിയ റിപ്പോർട്ടിൽ 136.2 അടിയാണ് അവിടത്തെ ജലനിരപ്പ് എന്ന് പറഞ്ഞിട്ടുണ്ട്. അഞ്ച് സെന്റീമീറ്റർ മഴ പ്രസ്തുത പ്രദേശത്ത് പെയ്തിട്ടുണ്ട്. അപ്പോൾ സ്വാഭാവികമായും ഈ ഡാമിലേക്ക് വെള്ളം വന്നിട്ടുണ്ട്. ഇപ്പോൾ ജലനിരപ്പ് 136.2 അടിയിൽ നിൽക്കുകയാണ്. ബഹുമാനപ്പെട്ട അംഗസ്തി സൂചിപ്പിച്ചതുപോലെ ഗവൺമെന്റിന് എടുക്കാവുന്ന എല്ലാ നടപടികളും അതിന്റെ സ്വാഭാവികമായ രൂപത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള വികാരപരമായ പ്രശ്നമായി കൊണ്ടുവന്ന മുല്ലപ്പെരിയാർ ഇഷ്യു സൈഡ്ലൈൻ ചെയ്തുപോകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് .....

ശ്രീ. വി. കെ. ചന്ദ്രൻ: അങ്ങ് ഇന്നലെ മുല്ലപ്പെരിയാറിന്റെ കാര്യം പറയുകയുണ്ടായി. യഥാർത്ഥത്തിൽ അങ്ങ് ഉൾപ്പെടെ അംഗമായിരുന്ന സബ്ജക്ട് കമ്മിറ്റി .....

Mr. Deputy Speaker: No ..... No ..... No question ..... Resume your seat ..... No ..... No ..... Minister ..... ഇത് മിനിസ്റ്ററുടെ മറുപടിയാണ്. മിനിസ്റ്റർ മറുപടി പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റി തീരുമാനമെടുത്തുവെന്നു മാത്രമല്ല, 2001 ഡിസംബർ മാസം 7-ാം തീയതി കേരള നിയമസഭയിൽ മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച് നമ്മൾതന്നെ ഒരു പ്രമേയം പാസ്സാക്കിയിട്ടുണ്ട്. അതിലും ജലനിരപ്പ് 136 അടി എന്നാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് സബ്ജക്ട് കമ്മിറ്റിയെന്നു മാത്രമല്ല നിയമസഭ തന്നെ എടുത്തിട്ടുള്ള പൊസിഷൻ ഉണ്ട്. ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാടുകളുണ്ട്. പക്ഷെ അതിന്റെ position right തമിഴ്നാടിന്റെ കൈയിലാണെന്നുള്ളതുകൊണ്ട് നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗസ്തി

LIBRARY ARCHIVES Kerala Legislative Assembly

സബ്മിഷനിലൂടെ അവതരിപ്പിച്ചത്. ഒന്ന് ഈ പ്രശ്നം കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ പറയുമോ? ഇക്കാര്യത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിനോട് ഞാൻ പറഞ്ഞിട്ടുണ്ട്. വാട്ടർ റിസോഴ്സസ് വകുപ്പുമന്ത്രി പാർലമെന്റിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. രണ്ടാമത്തെ കാര്യം ജല നിരപ്പ് 136 അടിയായി നിലനിറുത്തണം എന്നുള്ളതാണ്. 136 അടിയെ സംബന്ധിച്ചിടത്തോളം അതിൽ ഒരു വ്യത്യാസവുമില്ല. ആളുകളെ മാറ്റിപ്പാർപ്പിക്കേണ്ട കാര്യം വരുന്നത് 136 അടിക്ക് പുറത്തുപോകുന്ന സാഹചര്യത്തിലാണ്. അങ്ങനെയൊരു സാഹചര്യം വരുമ്പോഴാണ് അതിനെക്കുറിച്ച് ആലോചിക്കേണ്ടത്. ജലനിരപ്പ് 136 അടിയിൽ നിർത്തുന്നതിനുവേണ്ടി ഇന്നലെ ഈ സഭയിൽ ചർച്ച നടന്നപ്പോൾ ഞാൻ ചോദ്യത്തിനുത്തരമായി പറഞ്ഞ സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ ഡിപ്പാർട്ടുമെന്റിലെ ഉന്നതരായിട്ടുള്ള ഉദ്യോഗസ്ഥർ ഇന്ന് മുല്ലപ്പെരിയാറിൽ പോയിട്ടുള്ളത്. ഞാൻ അവരുടെ റിപ്പോർട്ട് വാങ്ങും. അതിനുശേഷം യുക്തമായ നടപടികളെടുക്കാനാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. ആ നടപടി എടുക്കുമ്പോഴും പകൃതി വിട്ട് അവിവേകത്തിലാണ് കേരളം ഇങ്ങനെയൊരു നിലപാടെടുത്തതെന്ന് വരാതിരിക്കത്തക്കവിധത്തിൽ നീതിബോധത്തോടുകൂടിയുള്ള നടപടിയായിരിക്കും ഗവൺമെന്റ് എടുക്കുന്നത്. പക്ഷെ അപ്പോഴും ഞാൻ ആവർത്തിച്ച് പറഞ്ഞിട്ടുള്ളതുപോലെ സംസ്ഥാനത്തിന്റെ താൽപര്യം അവിടെ ജീവിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കുക എന്നുള്ളതാണ്. ഇക്കാര്യം ഉറപ്പാക്കത്തക്കവിധത്തിലുള്ള സത്വര നടപടിയായിരിക്കും ഗവൺമെന്റ് ഭാഗത്തുനിന്നുമുണ്ടാകുക.

(17) കാട്ടാനക്കൂട്ടങ്ങളുടെ ശല്യത്തിന് ശാശ്വത പരിഹാരം

പ്രൊഫ. എ. ഡി. മുസ്തഫ: സർ, ഈ മാസം അഞ്ചാം തീയതി മുതൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ആറളം ഗ്രാമപഞ്ചായത്തിലെ വിയറ്റ്നാം കോളനി, കമ്പോഡിയ, നീലിമല, ചതിരൂർ എന്നീ പ്രദേശങ്ങളിൽ കാട്ടാനകൾ അതിക്രൂരമായ താണ്ഡവം നടത്തുകയാണ്. 13 ഏക്കർ സ്ഥലം പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ആറ് ആനകൾ അടങ്ങുന്ന കാട്ടാനക്കൂട്ടം ഒരു കാരണവശാലും മടങ്ങിപ്പോകാത്ത രൂപത്തിൽ അവിടെത്തന്നെ നിൽക്കുകയാണ്. ആദ്യത്തെ രണ്ട് ദിവസം ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ കൃത്യവിലോപമുണ്ടായെങ്കിലും ഇപ്പോൾ സ്ഥിരമായി അവർ അവിടെയുണ്ട്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെങ്കിൽ ഏഴ് കിലോമീറ്റർ നീളത്തിൽ power fencing ആവശ്യമാണ്. കൂടാതെ 2003 മുതൽ ആനകളുടെ ആക്രമണംകൊണ്ട് കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly